I/26515/2023

**<u>24/07/2023-ആം തീയതി 4.00 PM-ന് മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗ മിനുട്ട്സ്</u>**

4 PM -ന് യോഗം ആരംഭിച്ചു. മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

11/07/2023-ൽ മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന റവന്യൂ അവലോകന മീറ്റിങ്ങിൽ ഓരോ ഡിവിഷനുകളും ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ട ഡിസ്കണക്ഷൻ ടാർഗറ്റ് നൽകിയിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനാണ് ഈ യോഗം കൂടിയത്.

<u>പ്രധാന യോഗ തീരുമാനങ്ങൾ</u>

1. ഹെഡ് ഓഫീസിൽ നിന്ന് നൽകിയ ഡിസ്കണക്ഷൻ ടാർഗറ്റ് പൂർത്തീകരിക്കുന്നതിനായി എല്ലാ റവന്യൂ ഓഫീസർമാരും തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ഡിസ്കണക്ഷൻ ടാർഗറ്റ് പുനഃക്രമീകരിച്ച് നൽകി, യഥാസമയം തന്നെ നിശ്ചിത ടാർഗറ്റ് പൂർത്തിയാക്കേണ്ടതാണ്.
2. തിരക്കുള്ള സ്ഥലങ്ങളിലും മാർക്കറ്റുകളിലും സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി 2023 ഓഗസ്റ്റ് 15-ന് മുൻപായി എല്ലാ ഡിവിഷനുകളും പൂർത്തിയാക്കേണ്ടതാണ്. ഗവൺമെൻറ്നിർദ്ദേശം പാലിക്കാത്തവർക്കെതിരെ നടപടികൾ ഉണ്ടാകും
3. പി.എച്ച്.ഡിവിഷൻ, ഷൊർണ്ണൂർ റവന്യൂ ഓഫീസർ ആയി നിയമിച്ച ഉദ്യോഗസ്ഥൻ നാളിതുവരെ റവന്യൂ ഓഫീസറിന്റെ ചുമതല ഏറ്റെടുത്തിട്ടില്ല. 25/07/2023-നുള്ളിൽ റവന്യൂ ഓഫീസറുടെ ചുമതല ഏറ്റെടുക്കാത്ത പക്ഷം ടി ഉദ്യോഗസ്ഥനെതിരെ സസ്പെൻഷനുൾപ്പെടെ ഉള്ള അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ജെ.ജെ.എം-ന്റെ അടുത്ത അവലോകനയോഗത്തിൽ വാട്ടർ കണക്ഷൻ വിച്ഛേദനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടി എക്സിക്യൂട്ടീവ് എൻജിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എൻജിനീയർമാർ എന്നിവരുമായി ചർച്ച ചെയ്യുന്നതാണ്.
5. റവന്യൂ മീറ്റിങ്ങൽ പങ്കെടുക്കാത്ത പി.എച്ച്. ഡിവിഷൻ, കോഴിക്കോട്, റവന്യൂ ഓഫീസർക്ക് മീറ്റിംഗിൽ പങ്കെടുക്കാത്തതിനും ഡിസ്കണക്ഷനുകളുടെ എണ്ണം കുറവായതിനുമായി, കാരണം കാണിക്കൽ നോട്ടീസ് നൽകുവാൻ കോഴിക്കോട് അക്കൗണ്ട്സ് ഓഫീസർക്ക് നി ർദ്ദേശം നൽകി
6. എല്ലാ ആഴ്ചയിലും ചൊവ്വ അല്ലെങ്കിൽ ബുധൻ ദിവസങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എൻജിനീയർമാർ എന്നിവരുമായി റവന്യൂ ഓഫീസർമാർ മീറ്റിംഗ് നടത്തേണ്ടതും റവന്യൂ സംബന്ധമായ കാര്യങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ്.
7. ഗവൺമെന്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി അതാത് ഓഫീസ് തലവന്മാർക്ക് കത്ത് നൽകുകയും നേരിൽ കണ്ട് സംസാരിക്കുകയും ചെയ്തു പരമാവധി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ട നടപടികൾ എല്ലാ റവന്യൂ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.
8. ആലപ്പുഴ, പാലക്കാട് എന്നീ ഡിവിഷനുകളിൽ നിലവിൽ റവന്യൂ ഓഫീസർമാർ ഇല്ലാത്തതിനാൽ ആ ഓഫീസുകളുടെ റവന്യൂ പ്രവർത്തനങ്ങളെ അത് ബാധിക്കുന്നുവെന്ന് അതാത് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തി. ഈ ഓഫീസുകളിൽ ജെ.എസ്/ഡി.എ.ഒ തസ്തികയിലുള്ള താല്പര്യമുള്ള ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ റവന്യൂ ഓഫീസറുടെ ചുമതലയുള്ള സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. താല്പര്യമുള്ള ഉദ്യോഗസ്ഥരുടെ പട്ടിക അതാത് അക്കൗണ്ട്സ് ഓഫീസർമാർ നൽകേണ്ടതാണ്.
9. മീറ്റർ റീപ്ലേസ്മെന്റ്, ഡിസ്കണക്ഷൻ എന്നീ കൺസ്യൂമർ സർവീസുകൾ ഓഫ് ലൈനിൽ കൂടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ 27/07/2023-നുള്ളിൽ പൂർത്തിയാക്കുമെന്ന് ഡി.ബി.എ അറിയിച്ചു.
10. അടുത്ത മാസം (ഓഗസ്റ്റ് 2023) ഒന്നിന് (01/08/2023) അടുത്ത റവന്യൂ അവലോകന യോഗം നടത്തുന്നതാണ്.
11. തളിപ്പറമ്പ് , കോട്ടയം ഡിവിഷനുകളുടെ ഡി സി ബി ഇന്നു തന്നെ ശരിയാകുമെന്ന് ഡി .ബി എ അറിയിച്ചു

4.40 PM-ന് യോഗം അവസാനിച്ചു.

Signed by
Bhandari Swagat Ranveerchan
Bhandari Swagat Ranveerchand IAS
Date: 01-08-2023 12:25:13

MANAGING DIRECTOR